# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4942        01/07/13-ൽ മറുപടിക്ക്

**<u>തീരദേശ സ്കൂളുകളുടെ നവീകരണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ബി. സത്യൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) തീരദേശത്ത് പ്രവർത്തിക്കുന്ന സ്കൂളുകളുടെ നവീകരണത്തിനോ കുട്ടികളുടെ പഠനത്തിനോ ഫിഷറീസ് വകുപ്പ് ധനസഹായം ലഭ്യമാക്കാറുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ? | (എ) ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ ദൈനംദിന നടത്തിപ്പും അറ്റകുറ്റപണികൾ അടക്കമുള്ള നവീകരണ പ്രവർത്തനങ്ങളും, സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ അടിസ്ഥാനമാക്കി ജില്ലാ പഞ്ചായത്ത്/നഗരസഭാ കോർപ്പറേഷന് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ടി സ്ഥാപനങ്ങൾ വഴിയാണ് നിർവ്വഹിക്കപ്പെടുന്നത്.<br>ഈ സ്കൂളുകളെല്ലാം തന്നെ റസിഡൻഷ്യൽ സ്കൂളായതിനാൽ കുട്ടികളുടെ മെസ് ചാർജ് ഫിഷറീസ് വകുപ്പിൽ നിന്നും നൽകുന്നു.<br>13 -ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് സംസ്ഥാനത്തെ 10 ഫിഷറീസ് സ്കൂളുകളും നവീകരിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന മത്സ്യബന്ധനത്തൊഴിലാളികളുടെ മക്കൾക്ക് പ്രത്യേകമായി എന്തെല്ലാം സഹായമാണ് ലഭ്യമാക്കുന്നത് ; വ്യക്തമാക്കുമോ? | (ബി) 1. മെസ്സ് അലവൻസ് ഒരു കുട്ടിക്ക് പ്രതിമാസം 1500/ നിരക്കിൽ നൽകുന്നു.<br>2. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ